**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6683** **11-07-2024 - ൽ മറുപടിയ്ക്ക്**

**ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ എത്ര ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ തസ്തിക ഒഴിഞ്ഞ് കിടപ്പുണ്ട്; പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരുടെ ലിസ്റ്റ് ആണ് തയ്യാറാക്കിയിട്ടുള്ളതെന്നറിയിക്കാമോ; | (എ) | **ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ 215 തസ്തികകളിൽ 31.03.2024ന് ശേഷം ഒഴിവ് വന്നിട്ടുണ്ട്. പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിന് ഡി.പി.സി. (ലോവർ) സെലക്ട് ലിസ്റ്റ് നിലവിൽ ഇല്ല. ഡി.പി.സി. (ലോവർ) യോഗം ചേരുന്നതിന് ഹൈസ്കൂൾ അദ്ധ്യാപകരുടെ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റ് ആവശ്യമായുണ്ട്. ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് 31.05.2024ൽ പ്രസിദ്ധീകരിച്ചു. ആയത് സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.** |
| (ബി) | വർഷാവർഷം ഉണ്ടാകുന്ന ഒഴിവുകൾക്കനുസൃതമായി ഡി.പി.സി. യോഗം ചേർന്ന് ലിസ്റ്റ് തയ്യാറാക്കുന്നുണ്ടോ; വിശദമാക്കുമോ; | (ബി) | **ഉണ്ട്.** |
| (സി) | നേരത്തെ തയ്യാറാക്കിയ ഡി.പി.സി. ലിസ്റ്റിൽ നിന്നും മുഴുവൻ അദ്ധ്യാപകർക്കും ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ടോ; സി.ആർ. സമർപ്പിച്ച അദ്ധ്യാപകരിൽനിന്നും യോഗ്യരായവരെ ഉൾപ്പെടുത്തി ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കി നിയമനം വേഗത്തിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | **നേരത്തെ തയ്യാറാക്കിയ ഡി.പി.സി. ലിസ്റ്റിൽ നിന്നും മുഴുവൻ അദ്ധ്യാപകർക്കും ഉദ്യോഗക്കയറ്റം നൽകിയിട്ടുണ്ട്. ഡി.പി.സി. ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സർക്കാർ ഗസറ്റിൽ ഹൈസ്കൂൾ അദ്ധ്യാപകരുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ച് കഴിഞ്ഞാലുടൻ ഹൈസ്കൂൾ പ്രധാനാധ്യാപകൻ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയിൽ സ്ഥാനക്കയറ്റ നിയമനം നടത്തുന്നതിനായി ഡി.പി.സി. (ലോവർ) കൂടുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയും.** |

സെക്ഷൻ ഓഫീസർ